# ഭാവിയിലേക്ക്

**പുസ്തകപരിചയം**

**വി. എം. ഗിരിജ**

ആലപ്പുഴ ജില്ലയിലെ കഞ്ഞിപ്പാടത്തെ പങ്കജാക്ഷക്കുറുപ്പിനെ പലർക്കും അറിയാം.

തറക്കൂട്ടങ്ങളുടേയും അയൽക്കൂട്ടങ്ങളുടേയും ഗ്രാമക്കൂട്ടങ്ങളുടേയും പ്രചാരകനും പ്രവർത്തകനുമാണദ്ദേഹം. തറക്കൂട്ടങ്ങളായിരിക്കും ഭാവി സമൂഹത്തിന്റെ സാമൂഹ്യാടിത്തറ എന്നു കരുതുകയും അത് സ്വജീവിതത്തിൽ പകർത്താൻ ശ്രമിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ സ്നേഹവാ




ക്കുകളും സാമീപ്യവും പലർക്കും അറിയാം. 'പുതിയ ലോകം പുതിയ വഴി' എന്ന ഒരു പുസ്തകവും മുൻപ് അദ്ദേഹം രചിച്ചിട്ടുണ്ട്.

ലളിതമായ ദർശനവും അതിനെ ആവിഷ്കരിക്കുന്ന ലളിതമായ വാക്കുകളും ആണ് ഈ ഗ്രന്ഥത്തിന്റെ സത്ത. ഗ്രന്ഥകർത്താവിന്റെ വിചാരധാരയും ഭാവി എങ്ങനെയുള്ളതായിരിക്കണം എന്നതിനുള്ള ചിന്തകളും ഇതിലുണ്ട്. വീടുകൾ സ്വാർത്ഥതയില്ലാതെ സൗഹൃദത്തോടെ ഒത്തുചേരുക; ഒരുമിച്ച് പ്രവൃത്തികൾ ചെയ്യുക; ഒരുമിച്ച് തീരുമാനങ്ങൾ എടുക്കുക. അത് ഗ്രാമസമൂഹമായും മറ്റും വികസിപ്പിക്കുക - ഗാന്ധിയൻ ആദർശത്തിലെ ഗ്രാമസ്വരാജ്പോലെ സ്വയം നമുക്ക് എത്തിപ്പിടിക്കാവുന്ന ഒരു സ്വപ്നമാണത്.

നാണയമില്ല, വ്യാപാരശാലകളില്ല, വാങ്ങലും വില്ക്കലുമില്ല, ശമ്പളമില്ല - പരസ്പരം അറിഞ്ഞും സഹകരിച്ചും മുന്നേറുന്ന മനുഷ്യരാണവിടെ.

രാമായണത്തിലും ഭാരതത്തിലും ഇലിയഡിലും ഒഡീസിയിലും നാം കാണുന്നത് യുദ്ധവർണ്ണനകൾ മാത്രം. ഇതിഹാസങ്ങളുടെ മുക്കാൽഭാഗവും യുദ്ധങ്ങളുടേതാണ്. ഇന്നും ഉള്ളിലും പുറത്തും നാം യുദ്ധം ചെയ്തുകൊണ്ടേയിരിക്കുന്നു. പിന്നെ ഈ സംഘർഷത്തിൽ നിന്ന് എങ്ങനെ മുക്തിനേടാൻ എന്ന് നമുക്ക് മനസ്സിലാവുന്നില്ല. നാം പകച്ച് ചുറ്റും നോക്കുകയാണ്. എന്നാൽ ഈ ഗ്രന്ഥകർത്താവിന് ചാഞ്ചല്യമില്ല. നാണയമില്ലാത്ത, ഭരണകൂടമില്ലാത്ത ഭാവി സാക്ഷാല്ക്കരിക്കും എന്ന് തന്നെ അദ്ദേഹം കരുതുന്നു- "ഓരോരുത്തരും മറ്റുള്ളവരിലേക്ക് വിടരണം". "സമത്വമല്ല ബന്ധുത്വമാണ് മനുഷ്യത്വം. വൈവിധ്യവും വൈരുദ്ധ്യവും അസമത്വവുമാണ് പ്രകൃത്യനുസരണം. അസമത്വങ്ങളുടെ മധ്യത്തിലേക്ക് ബന്ധുത്വം കടന്നുവരുമ്പോഴാണ് പരസ്പരാർദ്രത ഊറിവരുന്നത്."

ഇത് എല്ലാം പറയാൻ അദ്ദേഹത്തിന് കരുത്തുണ്ട്. ആരാധനാലയങ്ങളും വിദ്യാലയങ്ങളും മാധ്യമങ്ങളും മൽസരവും കച്ചവടവും അനീതിയും അസമാധാനവും പ്രചരിപ്പിക്കുന്നു - അത് ഉപേക്ഷിക്കുക എന്ന് ഗ്രന്ഥകർത്താവ് ഉറപ്പിച്ചുപറയുന്നു.

മതങ്ങളേയോ മതസ്ഥാപനങ്ങളേയോ പണത്തേയോ അധികാരത്തേയോ പേടിക്കേണ്ടതില്ലാത്തതിനാൽ അദ്ദേഹത്തിനിങ്ങനെ പറയാം.

ഈശ്വരസൃഷ്ടിയെ സ്നേഹിക്കുമ്പോഴല്ലാതെ ഈശ്വരനെ സ്നേഹിക്കാൻ പറ്റില്ല എന്ന് ഈ പുസ്തകം പറയുന്നു - കാണിച്ചുതരുന്നു. വലിയവന്റെയല്ല എളിയവന്റേയാണ് തെളിമയുള്ള ചിന്ത.

ബാങ്കുകളും ബജറ്റുകളും ടിക്കറ്റുകളും വേലികളുമില്ലാതെ ഒരു ലോകം സങ്കല്പിക്കാൻപോലും നമുക്കിന്ന് ബുദ്ധിമുട്ടാണ്. നമ്മുടെ കുട്ടികളെ എങ്കിലും കറുത്ത സ്വാർത്ഥതയിൽനിന്ന് മോചിപ്പിക്കാൻ തെളിഞ്ഞ വെളിച്ചമുള്ള ഈ 'ദർശനം' സഹായിച്ചെങ്കിലോ.

ഈ പുസ്തകം കൈയിലെടുക്കുന്നയാൾ സാഹോദര്യത്തേയും സ്നേഹത്തേയും തൊടുകയാണ്. പക്ഷേ പുസ്തകത്തിൽനിന്ന് ജീവിതത്തിലേക്ക് പകർത്താത്തവരുടെ കൈയ്യുകൾ ഇതിനെ അശുദ്ധമാക്കുകയേ ഉള്ളൂ. പക്ഷേ, വീണ്ടും വീണ്ടും സ്നേഹസാഹോദര്യങ്ങളോടെ ജീവിതം തുടരാൻ നമുക്ക് സന്ദർഭം കിട്ടും.

പുസ്തകത്തിൽനിന്ന് വീണ്ടും :

"തീകെടട്ടെ. കെടാതിരിക്കട്ടെ. വെള്ളം ഒഴിക്കാം. വിളക്കു കെടുന്നതിന് - കെടുന്നതിന് കൊളുത്തിക്കൊണ്ടിരിക്കാം. കീറുന്നത് കീറുന്നത് തുന്നിക്കൊണ്ടിരിക്കാം. പരസ്പരം കണ്ണിചേരുക തന്നെയാണ് സാമൂഹ്യരംഗത്തെ ആദ്യത്തെ ചുവട്. നൂല് നെയ്ത് വസ്ത്രം ആക്കാൻ താമസം വരുമെന്നത്കൊണ്ട് നൂലുതന്നെ എടുത്ത് അരയിൽ ചുറ്റാം എന്ന് കരുതുന്നത് ബുദ്ധിയാണോ?-------- ഭൂമി നമ്മുടെ കുടുംബവീട്. സൗകര്യത്തിനുവേണ്ടി നാം വേറെവേറെ താമസിക്കുന്നു. അന്യരായി ഇവിടെ ആരുമില്ല. എല്ലാവരും വേണ്ടപ്പെട്ടവർ."

**ഭാവിയിലേക്ക്**

Towards a new Society

ഡി.പങ്കജാക്ഷൻ

20രൂപയാണ് ഇതിന് വില.

<u>പ്രതികൾ വേണ്ടവർ</u>

ഡി.പങ്കജാക്ഷൻ

കഞ്ഞിപ്പാടം പോസ്റ്റ്, അമ്പലപ്പുഴ,

ആലപ്പുഴ - 688005

എന്ന വിലാസത്തിൽ ബന്ധപ്പെടുക.

ഫോൺ - 0477 - 272323.